**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 336** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യപൊതുവിതരണ വകുപ്പിൽ വാഹനങ്ങളുടെ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യപൊതുവിതരണ വകുപ്പിൽ ജില്ലാ-താലൂക്ക് തല ഓഫീസുകളിൽ എത്ര വാഹനങ്ങളുടെ കുറവുണ്ടെന്നും പ്രസ്തുത കുറവ് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (എ) | പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് കീഴിൽ 15 വർഷം കഴിഞ്ഞതിനാൽ നിരത്തിലിറക്കാൻ കഴിയാത്ത 45 വാഹനങ്ങളും 14 വർഷം കഴിഞ്ഞതിനാൽ പൊതുലേലം ചെയ്യാനുള്ള 6 വാഹനങ്ങളും നേരത്തെ കണ്ടം ചെയ്ത 11 വാഹനങ്ങളും ഒദ്യോഗിക വാഹനങ്ങൾ അനുവദിച്ചിട്ടില്ലാത്ത 3 ഓഫീസുകളും ചേർത്ത് ആകെ 65 ഔദ്യോഗിക വാഹനങ്ങളുടെ കുറവ് ഉണ്ട്.<br><br>പല താലൂക്ക് സപ്ലൈ ഓഫീസുകളിലും സ്വന്തമായി വാഹനമില്ലാത്ത സാഹചര്യമുണ്ടെങ്കിലും, അതാത് ജില്ലയിൽ മറ്റ് താലൂക്കുകളിലെ ഔദ്യോഗിക വാഹനങ്ങൾ റൊട്ടേഷൻ വ്യവസ്ഥയിൽ വാഹനം ലഭ്യമാക്കി പരിശോധനകൾ അടക്കമുള്ള മറ്റ് ഔദ്യോഗിക ആവശ്യങ്ങൾ നടത്തി വരുന്നുണ്ട്.<br><br>2025-26 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ അനുവദിച്ചിട്ടുള്ള 1,53,84,000/- രൂപ വിനിയോഗിച്ച് വകുപ്പിന്റെ ആവശ്യത്തിനായി 16 വാഹനങ്ങൾ GeM മുഖാന്തിരം വാങ്ങുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതോടൊപ്പം വകുപ്പിന്റെ തനത് ഫണ്ട് ഉപയോഗിച്ച് കൂതൽ വാഹനങ്ങൾ വാങ്ങുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ